ആഗോള നിക്ഷേപക സംഗമത്തിൽ വാഗ്ദാനം നൽകിയിട്ടുള്ള പദ്ധതികൾ

22 [T 3427] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോള നിക്ഷേപക സംഗമത്തിൽ പ്രധാനമന്ത്രി വാഗ്ദാനം നൽകിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണ്;

(ബി) വിശദാംശം വ്യക്തമാക്കാമോ;

(സി) അവയിൽ ഏതൊക്കെ പദ്ധതികൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്;

(ഡി) ബാക്കി പദ്ധതികൾ ഏതൊക്കെയാണെന്നും അവ എപ്പോൾ ആരംഭിക്കുമെന്നും വ്യക്തമാക്കാമോ;

(ഇ) പ്രധാനമന്ത്രി എത്ര തുകയ്ക്കുള്ള പദ്ധതികൾ വാഗ്ദാനം ചെയ്തുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ—ഡി) ആഗോള നിക്ഷേപക സംഗമത്തിൽ പ്രധാനമന്ത്രി വാഗ്ദാനം നൽകിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു:

(1) എൻ. റ്റി. പി. സി.-യുടെ കായംകുളം തെർമൽ പ്ലാന്റിന്റെ ഉൽപ്പാദന ശേഷി വികസനം.

(2) കൊച്ചി റിഫൈനറിയുടെ വികസനം.

(3) എൻ. എം. ഡി. സി.-യും ഐ. ആർ. ഇ.-യും യോജിച്ചുള്ള ധാതു സംസ്കരണവും സിന്തറ്റിക് റൂട്ടൈൽ ഉൽപ്പാദനവും.

ഇവയ്ക്കുപുറമേ വല്ലാർപാടത്ത് അന്താരാഷ്ട്ര കണ്ടെയ്നർ ടെർമിനൽ സ്ഥാപിക്കുമെന്നും പ്രധാനമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. ഒന്നുംതന്നെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. വിവിധഘട്ടത്തിലാണ്.

(ഇ) പ്രധാനമന്ത്രി വാഗ്ദാനം ചെയ്ത പദ്ധതികൾക്ക് 10,000 കോടി രൂപയുടെ മുതൽമുടക്ക് പ്രതീക്ഷിക്കുന്നു.

ടൂറിസവുമായി ബന്ധപ്പെട്ട് ഒപ്പുവച്ച പദ്ധതികൾ

23 [3428] ശ്രീ. കെ. പി. രാജേന്ദ്രൻ:
,, പി. നാരായണൻ:
,, മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

'T' മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(എ) ആഗോള നിക്ഷേപക സംഗമത്തിൽ ഒപ്പുവച്ചതിൽ മന്ത്രിസഭ അനുമതി നൽകിയ ഓരോ പദ്ധതിയും പൂർത്തിയാകുമ്പോൾ പുതിയതായി എത്ര തൊഴിലവസരങ്ങൾ ഉണ്ടാകും എന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) ഇതിൽ ടൂറിസവുമായി ബന്ധപ്പെട്ട് സർക്കാർ അനുമതി നൽകിയ പദ്ധതികൾ ഏതൊക്കെയാണ്; ഈ പദ്ധതികൾ ആരംഭിക്കുന്ന സ്ഥാപനങ്ങൾ-സംരംഭകർ ആരൊക്കെയാണ് എന്ന് വെളിപ്പെടുത്തുമോ;

(സി) വാഗമണ്ണിന്റെ ജൈവസമ്പത്തും പ്രകൃതി വിഭവങ്ങളും സംരക്ഷിക്കുന്നതിന് ടൂറിസം പദ്ധതി ഉറപ്പു നൽകുന്നുണ്ടോ; അതിനായി ധാരണാപത്രത്തിലെ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ടൂറിസം പദ്ധതികൾക്കായി എത്ര ഹെക്ടർ സ്ഥലമാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; സ്ഥലം പാട്ടത്തിനാണോ വിലയ്ക്കാണോ നൽകുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ആഗോള നിക്ഷേപക സമ്മേളനത്തിൽ ഒപ്പുവെച്ച 40 പദ്ധതികൾക്ക് മന്ത്രിസഭ അംഗീകാരം നൽകിയിട്ടുണ്ട്. അവയെല്ലാം വിവിധ ഘട്ടത്തിലായതിനാൽ എത്ര തൊഴിലവസരങ്ങൾ ഉണ്ടാകും എന്ന് ഇപ്പോൾ കണക്കാക്കിയിട്ടില്ല.

(ബി) ടൂറിസം സെക്ടറിൽ വാഗമണ്ണിൽ ആരംഭിക്കാനുദ്ദേശിക്കുന്ന റിസോർട്ട് പ്രോജക്ടിനാണ് തത്വാധിഷ്ഠിത അനുമതി നൽകിയിട്ടുള്ളത്. മുംബൈയിലുള്ള ഇൻഹെറിറ്റൽസ് ഇന്ത്യാ എന്ന സ്ഥാപനവുമായാണ് ഇതിനായുള്ള ധാരണാപത്രം ഒപ്പു വച്ചിരിക്കുന്നത്. ഇതിനുപുറമേ ടൂറിസം സെക്ടറിൽ താഴെപ്പറയുന്ന പ്രോജക്ടുകൾക്കും മുൻപ് സർക്കാർ തത്വാധിഷ്ഠിത അനുമതി നൽകിയിട്ടുണ്ട്:

	പദ്ധതി	മുതൽമുടക്ക്	പ്രമോട്ടർ
1.	കണ്ണൂരിൽ വിമാനത്താവളം	രൂപ 400 കോടി	ലീല ഗ്രൂപ്പ്, മുംബൈ
2.	ബേക്കലിൽ റിസോർട്ട്	രൂപ 100 കോടി	,,
3.	വേളിയിൽ അമ്യൂസ്മെന്റ് പാർക്ക്	രൂപ 105 കോടി	എസ്. എഫ്. സി. ഗ്രൂപ്പ്, അബുദാബി

(സി) വിശദാംശങ്ങൾ രൂപപ്പെടുത്തിയിട്ടില്ല. ധാരണാപത്രത്തിന്റെ ഒരു പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) വാഗമൺ ടൂറിസം പദ്ധതിക്കായി 762.28 ഹെക്ടർ സ്ഥലം സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ നിന്നും പദ്ധതിക്കാവശ്യമായ സ്ഥലം പാട്ടം വ്യവസ്ഥയിൽ നൽകാനാണ് ഉദ്ദേശിക്കുന്നത്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly